ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

തിരുവനന്തപുരം പാർവ്വതിപുത്തനാറിൽ ബോട്ടിംഗിനായി പദ്ധതി

66 (122) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളവുമായി ബന്ധിപ്പിച്ച് പാർവ്വതി പുത്തനാറിൽ ബോട്ടിംഗിനായി പുതിയ പദ്ധതി നടപ്പിലാക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് എയർപോർട്ട് അതോറിറ്റിയുമായി സംസ്ഥാന സർക്കാർ എന്തെങ്കിലും ധാരണയിൽ എത്തിയിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ എയർപോർട്ട് അതോറിറ്റി എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് ;

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ-ഡി) ഇത് സംബന്ധിച്ച എയർപോർട്ട് അതോറിറ്റിയുമായി പ്രാരംഭഘട്ട ചർച്ച നടന്നിരുന്നു.

തിരുവനന്തപുരം വർക്കല ജലപാതയുടെ നിർമ്മാണം

67 (123) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം വർക്കല ജലപാതയുടെ ഇപ്പോഴത്തെ അവസ്ഥയ്ക്ക് ഇടയായ കാരണങ്ങൾ വിശദമാക്കുമോ ;

(ബി) ഈ ഭാഗങ്ങളിൽ നടന്ന അപൂർണ്ണമായ നിർമ്മാണ പ്രവർത്തനം വൻ പ്രതിഷേധത്തിനിടയാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സത്വരമായ പരിഹാര നടപടികൾ സ്വീകരിക്കുമോ ;

(സി) ജലപാത കടന്ന് പോകുന്ന ചിറയിൻകീഴ് പഞ്ചായത്തിൽ മൂന്നു പാലങ്ങൾ നിർമ്മിക്കാൻ തുക വകയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) ജലപാത യാഥാർത്ഥ്യമാക്കാൻ സർക്കാർ അടിയന്തരമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 12-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തിയ തിരുവനന്തപുരം ജില്ലയിലെ ജലപാതയുടെ വികസന പ്രവൃത്തികളിൽ അനധികൃത മണൽ ഖനനം നടക്കുന്നു എന്ന ആരോപണത്താൽ പണികൾ റവന്യൂ, മൈനിങ്ങ്

LIBRARY ARCHIVES Kerala Legislative Assembly